## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# നാഥന്റെ സന്നിധിയിൽ വിനയാന്വിതനായി

عن شَدَّادُ بْنُ أَوْسٍ قَالَ: قَالَ رَسُول اللّه صلى الله عليه وسلم : سَيِّدُ الاِسْتِغْفَارِ أَنْ تَقُولَ: اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ بِذَنْبِي فَاغْفِرْ لِي، فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ (بخارى).

**ശദ്ദാദുബ്നു ഔസിൽനിന്ന് നിവേദനം: നബി(സ) അരുളി: പാപമോചനത്തിന്നു വേണ്ടിയുള്ള നേതൃപദവിയിലുള്ള പ്രാർഥന ഇപ്രകാരമാണ്: അല്ലാഹുവേ, നീയാണ് എന്റെ രക്ഷിതാവ്. നീയല്ലാതെ ദൈവമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാണ്. ഞാൻ നിന്നോട് ചെയ്തിട്ടുള്ള കരാറും വാഗ്ദാനവും ഞാൻ കഴിവിന്റെ പരമാവധി നിർവഹിക്കുന്നതാണ്. ഞാൻ ചെയ്തുപോയിട്ടുള്ള പാപങ്ങളുടെ അനന്തര ഫലത്തിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. നീ എനിക്ക് ചെയ്തുതന്ന അളവറ്റ അനുഗ്രഹങ്ങളെ സംബന്ധിച്ച് എനിക്ക് നല്ല ബോധ്യമുണ്ട്. എന്റെ കുറ്റങ്ങൾ ഞാനിതാ ഏറ്റുപറയുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. പാപങ്ങൾ പൊറുത്തുതരാൻ നീയല്ലാതാരുമില്ലല്ലോ (ബുഖാരി).**

തെറ്റുകൾ, കുറ്റങ്ങൾ, വീഴ്ചകൾ, വ്യതിയാനങ്ങൾ ഇവയെല്ലാം മനുഷ്യസഹജമാണ്. എന്നാൽ അവയെ അവഗണിച്ചാലോ? അതിവേഗം വളർന്ന് വൻവിപത്തായി മാറുന്നു. ഈ വൻവിപത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗമാണ് ഇസ്തിഗ്ഫാർ അഥവാ പാപമോചന പ്രാർഥന. വ്യക്തികളിൽനിന്ന് ഉത്ഭവിച്ച് സമൂഹവിപത്തായിത്തീരുന്ന ഈ അപകടത്തെ മുളയിൽതന്നെ നുള്ളിയില്ലെങ്കിലുണ്ടാകുന്ന പ്രത്യാഘാതത്തെപ്പറ്റി വിശുദ്ധ ഖുർആനും തിരുസുന്നത്തും താക്കീത് നൽകിയിട്ടുണ്ട്. നബി(സ) പറഞ്ഞു: ''ഒരു വ്യക്തി ഒരു കുറ്റം ചെയ്താൽ അത് അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളിയുണ്ടാക്കുന്നു. പാപമോചന പ്രാർഥനയിലൂടെ ശുദ്ധീകരിച്ചില്ലെങ്കിൽ, പാപക്കറ കൊണ്ട് അവന്റെ ഹൃദയം തന്നെ കറുത്തുപോകുന്നു. അങ്ങനെ അതിൽനിന്ന് മോചനം അസാധ്യമായിത്തീരുന്നു.''

പാപമോചനത്തിനു വേണ്ടിയുള്ള പ്രാർഥന എന്ന് കേൾക്കുമ്പോൾ പൊതുവെ മനസ്സിലുദിക്കുന്ന ഒരു തെറ്റിദ്ധാരണയുണ്ട്; 'ഇപ്പറഞ്ഞതൊക്കെ വൻപാപം ചെയ്തവർക്ക് ബാധകമാണ്. അതിലൊന്നും പെട്ടിട്ടില്ലാത്ത എനിക്കിതൊന്നും ബാധകമല്ല.' അതിനാൽതന്നെ പാപമോചനത്തിനുള്ള പ്രാർഥന പലപ്പോഴും വെറും ചടങ്ങായി മാറുന്നു. ഈ തെറ്റിദ്ധാരണ തിരുത്താൻ ഈയൊരു നബിവചനം ഓർത്താൽ മതി. നബി(സ) പറഞ്ഞു: ''ഞാൻ ദിനേന എഴുപത് പ്രാവശ്യം പാപമോചനത്തിന് അർഥിക്കുന്നു.'' പാപമുക്തനാണല്ലോ നബി(സ). പിന്നെന്തിനാണ് ഈ 'ഇസ്തിഗ്ഫാർ'? അപ്പോൾ പ്രവാചകൻ പോലും എഴുപത് പ്രാവശ്യം (മറ്റൊരു റിപ്പോർട്ടിൽ നൂറു പ്രാവശ്യം) അഥവാ കണക്കില്ലാതെ നിരന്തരം ഇസ്തിഗ്ഫാർ ചെയ്യുന്നതിന്റെ പൊരുൾ, 'ഇസ്തിഗ്ഫാർ' എന്നത് ഓരോ മുസ്‌ലിമും നിരന്തരമായി നടത്തേണ്ട, അഥവാ ശരീരത്തിൽ വൃക്കകൾ നടത്തുന്ന ശുദ്ധീകരണപ്രക്രിയ പോലെ നടക്കേണ്ട ഒരു നിതാന്ത പ്രവൃത്തിയാണ് എന്നാണ്. വ്യത്യസ്ത ജീവിത മേഖലകളുമായി ഇടപെടുമ്പോൾ, ഓരോന്നും ദൈവഹിതമനുസരിച്ചാണോ നിർവഹിച്ചത്? അല്ലാഹുവിന് ഇഷ്ടമില്ലാത്ത വല്ലതുമുണ്ടായോ? അവനുമായുള്ള സാമീപ്യത്തിന് ഭംഗം വരുത്താവുന്ന വല്ലതുമുണ്ടായോ? ഇങ്ങനെ ഓരോന്നിലും മനസ്സറിഞ്ഞു 'ഇസ്തിഗ്ഫാർ' നടത്തുമ്പോൾ അല്ലാഹുവുമായുള്ള സ്നേഹബന്ധവും സാമീപ്യവും വളർന്നുകൊണ്ടേയിരിക്കും. കുറ്റവാസന കുറഞ്ഞുകൊണ്ടേയിരിക്കും. ഇതാണ് മനസ്സറിഞ്ഞുള്ള ഇസ്തിഗ്ഫാറിന്റെ നേട്ടവും.

ഇസ്തിഗ്ഫാറിന്റെ 'നേതൃസ്ഥാനത്തുള്ള പ്രാർഥന' എന്ന വിശേഷണത്തോടെയാണ് അല്ലാഹുവിന്റെ ദൂതൻ മേൽകൊടുത്ത പ്രാർഥന പഠിപ്പിച്ചുതരുന്നത്. ഇസ്‌ലാമിക സമൂഹവും പ്രവർത്തകരും ഈ പ്രാർഥന അതിന്റെ ചൈതന്യത്തോടെ നെഞ്ചിലേറ്റാൻ സന്നദ്ധരായാൽ, അവരഭിമുഖീകരിക്കാനിരിക്കുന്ന പരീക്ഷണഘട്ടങ്ങളെ തരണം ചെയ്യാൻ ഇത് ഏറ്റവും വലിയ മുതൽക്കൂട്ടായിത്തീരുമെന്നുറപ്പാണ്.

'അല്ലാഹുവേ, നീയാണെന്റെ യജമാനൻ, ഉടമസ്ഥൻ, രക്ഷിതാവ്, സർവാധിനാഥൻ. നീയല്ലാത്തൊരവലംബമോ ആശ്രയമോ ആരാധ്യനോ എനിക്കില്ല. മറ്റുള്ളവരെല്ലാം നിസ്സഹായരായ നിന്റെ ദാസന്മാർ. അവർക്കാർക്കും ഒരു കഴിവും അധികാരവുമില്ല. ഞാൻ നിന്റെ സൃഷ്ടിയായ നിന്റെ എളിയ ദാസൻ മാത്രം. നിനക്കടിപ്പെട്ട്, നിന്റെ ആജ്ഞാനുവർത്തിയായി ജീവിക്കാൻ കടപ്പെട്ടവനാണ് ഞാൻ. നീ ചെയ്തുതന്ന അളവറ്റ അനുഗ്രഹങ്ങൾക്ക് നന്ദിയായി, നീ വാഗ്ദത്തം ചെയ്ത സ്വർഗത്തിന് പകരമായി നിന്റെ ദീനിന്റെ ഉയർച്ചക്കും വിജയത്തിനുമായി എന്റെ ദേഹവും ധനവും സമർപ്പിക്കാൻ, നിന്റെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യാൻ ഞാൻ കടപ്പെട്ടവനായിരുന്നു. എന്നിട്ട് ഞാൻ ചെയ്തതോ? നിന്റെ ശിക്ഷ താങ്ങാൻ എനിക്ക് കെൽപില്ലല്ലോ? നിന്റെ തിരുസന്നിധിയിൽ വന്ന് കേഴുകയല്ലാതെ ഈ എളിയ ദാസന് ഒരു വഴിയുമില്ല. മറ്റാരും എന്നെ രക്ഷിക്കാനില്ല, മറ്റാരും എന്റെ സങ്കടം കേൾക്കാനില്ല. എന്റെ പാപങ്ങൾ പൊറുത്തുതരാൻ മറ്റാരുമില്ല. അതിനാൽ, എന്റെ നാഥാ, ഈ അടിമയുടെ പാപങ്ങൾ, വീഴ്ചകൾ മാപ്പാക്കി ഈ അടിമക്ക് പൊറുത്തുതന്നാലും.' ഇതാണ് 'സയ്യിദുൽ ഇസ്തിഗ്ഫാറി'ന്റെ പൊരുൾ. കരുണാമയനായ നാഥൻ ഇത് പരിഗണിക്കാതിരിക്കുമോ? ●